ഹിന്ദിപ്പകർപ്പുകൂടി വച്ചിരിക്കണം. സർക്കാരിന്റെ ഉത്തരവുകൾ, പരസ്യങ്ങൾ എന്നിവ ഉർദുവിൽ പ്രസിദ്ധീകരിക്കും. ഗസററ് ഉർദുവിലും അച്ചടിക്കും. ബില്ലിലെ വ്യവസ്ഥകൾ ഇതെല്ലാമാണ്. ഇവയിൽ ആധാരങ്ങളും പരസ്യങ്ങളും ഒഴികെ മററല്ലാ ആവശ്യങ്ങൾക്കും ഇപ്പോഴും ഉത്തർപ്രദേശിൽ ഉർദു ഉപയോഗിച്ചുവരുന്നുണ്ട്. ഉർദുവിൽ ഗസററ് അവിടെ പ്രസിദ്ധീകരിക്കുന്നുണ്ട്. പക്ഷേ, അതിന് ഒരൊററ വരിക്കാരൻപോലും ഇല്ലത്രേ! ആധാരം രജിസ്റ്റർചെയ്യുന്ന കാര്യത്തിലാണെങ്കിൽ ഹിന്ദിയിൽ തർജമ തയ്യാറാക്കുന്നതിനുള്ള അധികച്ചെലവ് വഹിക്കാമെന്നല്ലാതെ ഉർദുവിൽ ആധാരം തയ്യാറാക്കുന്നതുകൊണ്ടു മററു യാതൊരു മെച്ചവും കക്ഷികൾക്ക് ഇല്ലതാനും.

ന്യൂനപക്ഷങ്ങളെ വോട്ടുബാങ്കുകൾ ആയാണ് ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികൾ ഇപ്പോഴും കണക്കാക്കിവരുന്നത്. ഈ വോട്ടുബാങ്കുകൾ കയ്യടക്കിവച്ചിട്ടുള്ളത് യാഥാസ്ഥിതികരും സമുദായവാദികളും പ്രാദേശികവാദികളും മതനേതാക്കളും മററുമാണെന്നും കരുതപ്പെടുന്നു. വോട്ടുബാങ്കുകളിൽ കണ്ണുനട്ട് ഈ പിന്തിരിപ്പന്മാരുടെ ന്യായീകരിക്കാനാവാത്ത ആവശ്യങ്ങൾക്കു രാഷ്ട്രീയപ്പാർട്ടികൾ കൂടെക്കൂടെ വഴങ്ങിക്കൊടുക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ആരോഗ്യത്തെ കാർന്നുതിന്നുന്ന ഒരു വ്യാധിയത്രേ ഇതു്. ഉർദുഭാഷയുടെ ഔദ്യോഗികപദവിയെപ്പററി ഇക്കഴിഞ്ഞ മാർച്ച് അവസാനം ഉത്തർപ്രദേശിൽ ഉയർന്ന കോലാഹലം ഈ രോഗം രാഷ്ട്രശരീരത്തിൽ എത്ര ആഴത്തിൽ വേരോടിയിരിക്കുന്നു എന്നതിന്റെ ഒരു നിദർശനമാകുന്നു.

(5 ഏപ്രിൽ, 1984)

# 52. കന്നഡം കർണാടകത്തിൽ

സ്കൂളുകളിൽ ഒന്നാം ഭാഷയെന്ന പദവി കന്നഡത്തിനു കൈവരുത്താൻ കർണാടക സംസ്ഥാനത്തിൽ കഴിഞ്ഞ ആണ്ടിൽ നടന്ന പ്രക്ഷോഭത്തെപ്പററി ഈ പംക്തിയിൽ എഴുതിയിരുന്നു. കർണാടകത്തിലെ സെക്കൻഡറി സ്കൂളുകളിൽ കന്നഡത്തിന്റെ പദവി എന്തായിരിക്കണമെന്നു നിർദേശിക്കുവാൻ നിയുക്തമായ ഗോകാർക്ക് കമ്മററിയുടെ റിപ്പോർട്ട് നടപ്പിൽ വരുത്തുന്നതിൽ ഗുണ്ടുറാവു സർക്കാർ പ്രദർശിപ്പിച്ച വൈമനസ്യമാണ് വ്യാപകമായ അറസ്റ്റുകൾക്കും പോലീസ് വെടിവയ്പുകൾക്കും, വഴിയൊരുക്കിയ ഈ പ്രക്ഷോഭത്തിനു കാരണം. വൈകിയാണെങ്കിലും ഗവണ്മെൻറിന് ഒടുവിൽ പൊതുജനഹിതം മാനിക്കേണ്ടിവന്നു. കർണാടകത്തിലെ സെക്കൻഡറി സ്കൂളുകളിൽ ഒന്നാം ഭാഷയെന്ന പദവി കന്നഡത്തിനായിരിക്കുമെന്നും, എല്ലാ വിദ്യാർത്ഥികളും കന്നഡം നിർബന്ധമായും പഠിച്ചിരിക്കണമെന്നും, വ്യവസ്ഥ ചെയ്യുന്ന ഗുണ്ടുറാവു മന്ത്രിസഭയുടെ പ്രമേയം കർണാടക നിയമസഭയുടെ രണ്ടു മണ്ഡലങ്ങളും ഏകകണ്ഠമായി അംഗീകരിച്ചു. എന്നാൽ, ഇനി പത്തു വർഷത്തേക്ക് ഈ വ്യവസ്ഥ, കന്നഡം മാതൃഭാഷയായ വിദ്യാർത്ഥികൾക്കു മാത്രമേ ബാധകമാവൂ. മററു ഭാഷകൾ മാതൃഭാഷയായുള്ള ന്യൂനപക്ഷങ്ങൾ പത്തു വർഷത്തേക്കു കന്നഡം, വേണമെങ്കിൽ മാത്രം, പഠിച്ചാൽ മതി. പക്ഷേ, അതിനുശേഷം അവർക്കും കന്നഡ പഠനം നിർബന്ധിതമായിരിക്കും. അതേസമയം, ഉർദു, തമിഴ്, തെലുങ്ക്, മലയാളം, മറാഠി, ഗുജറാത്തി, ഹിന്ദി ഭാഷകൾ സംസാരിക്കുന്ന ന്യൂനപക്ഷവിഭാഗങ്ങൾക്ക് പ്രൈമറി–

മിഡിൽസ്കൂൾ ഘട്ടങ്ങളിൽ സ്വന്തം മാതൃഭാഷയിലൂടെ വിദ്യാഭ്യാസം നേടുന്നതിനുള്ള സൗകര്യം ഗവണ്മെൻറ് ചെയ്തുകൊടുക്കുന്നതായിരിക്കും.

എത്രയും ഉദാരവും ന്യായവുമായ ഈ വ്യവസ്ഥ നടപ്പിൽ വരുത്താൻ, പക്ഷേ, കർണ്ണാടകപ്രദേശിലെ ന്യൂനപക്ഷ ഭാഷക്കാരായ ചില സ്കൂൾ മാനേജുമെൻറുകൾ തയ്യാറായില്ല. നിയമസഭയുടെ തീരുമാനം തങ്ങളുടെ മൗലികാവകാശത്തിലുള്ള കൈകടത്തലാണെന്ന് അവർ കർണ്ണാടക ഹൈക്കോടതിയിൽ പരാതിപ്പെട്ടു. ആ തീരുമാനം നടപ്പിൽ വരുത്തുന്ന സർക്കാർ കല്പന, ഹൈക്കോടതി താല്ക്കാലികമായി തടഞ്ഞുവെക്കുകയും ചെയ്തു. ഇതാണ് ഇപ്പോഴത്തെ സ്ഥിതി. ഹൈക്കോടതിയുടെ വിലക്ക് ന്യൂനപക്ഷക്കാരുടെ മാനേജ്മെൻറിൻ കീഴിലുള്ള സ്വകാര്യവിദ്യാലയങ്ങൾക്കു മാത്രമേ ബാധകമാവുന്നുള്ളു. അതിനാൽ സർക്കാർ നേരിട്ടു നടത്തുന്ന സെക്കൻഡറി സ്കൂളുകളിൽ കന്നഡത്തിന് ഒന്നാം ഭാഷയെന്ന പദവി ഉടൻ നൽകുന്നതിൽ നിയമതടസ്സമൊന്നുമില്ല. ആ പദവി കന്നഡത്തിനു സർക്കാർ സ്കൂളുകളിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രക്ഷോഭം കർണാക സംസ്ഥാനത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. പ്രശസ്തരായ ചില കന്നഡ സാഹിത്യകാരന്മാരും കലാകാരന്മാരുമാണ് ഈ പ്രക്ഷോഭത്തിനു നേതൃത്വം നൽകുന്നതു്. എങ്കിലും ഹൈക്കോടതി വിദ്യാഭ്യാസഭാഷാപ്രശ്നത്തിൽ അവസാന തീർപ്പു കല്പിച്ചതിനുശേഷമേ എന്തെങ്കിലും മേൽനടപടി എടുക്കാൻ കഴിയൂ എന്ന നിലപാടാണ് മുഖ്യമന്ത്രി ശ്രീ രാമകൃഷ്ണ ഹേഗ്ഡേയുടേതു്. വിദ്യാഭ്യാസം പ്രാദേശികഭാഷയിലൂടെ നടത്താൻ പ്രതിജ്ഞാബദ്ധമായ ജനതാ പാർട്ടിയുടെ തലവനാണുതാനും ഈ മുഖ്യമന്ത്രി.

കേരളത്തിലെന്നപോലെ കർണാടകത്തിലും അടുത്ത കാലത്തായി ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ തുരുതുരാ തുറക്കപ്പെട്ടു. ഇംഗ്ളീഷ് മീഡിയം സ്കൂളുകളെ വഴിവിട്ടും പ്രോത്സാഹിപ്പിക്കുക എന്ന നയമാണല്ലോ ഇപ്പോഴത്തെ കേരളാ ഗവണ്മെൻറിൻേറതു്. എന്നാൽ, കർണാടക ഗവണ്മെൻറ് ഇക്കാര്യത്തിൽ വ്യത്യസ്തമായ നിലപാടാണ് അവലംബിച്ചതു്. പുതിയ ഇംഗ്ളീഷ് മീഡിയം സ്കൂളുകൾ തുറക്കുന്നതു് അവിടെ സർക്കാരിൻെറ ഒരു ഉത്തരവുവഴി നിരോധിച്ചിരിക്കുന്നു.

വിദ്യാഭ്യാസത്തിൽ കന്നഡത്തിന് അർഹമായ സ്ഥാനം നൽകുന്നതിൽ 'മെല്ലെപ്പോക്കു'നയം അവലംബിക്കുമ്പോൾകൂടി, ഭരണം കന്നഡയിലൂടെയാക്കുന്നതിൽ പ്രസ്താവ്യമായ ശ്രദ്ധ് കാന്തി ഹേഗ്ഡേ ഗവണ്മെൻറ് പ്രദർശിപ്പിക്കുന്നുണ്ടു്. കന്നഡത്തോടു തങ്ങൾക്കു കൂറു കുറവില്ലെന്നു് പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയാവാം ഈ ശ്രദ്ധ് കാന്തിയുടെ ലക്ഷ്യം. ഇക്കഴിഞ്ഞ ഫെബ്രുവരി 15-മുതൽ കർണാടക സംസ്ഥാനത്തിൻെറ ഭരണം എല്ലാ തലങ്ങളിലും കന്നഡ ഭാഷയിലൂടെ ആക്കിയിരിക്കുന്നു. സാർവത്രികമായ സ്വാഗതം ഈ നടപടിക്കു കൈവന്നിട്ടുമുണ്ടു്. കന്നഡഭാഷയിൽ പാണ്ഡിത്യമില്ലാത്ത ഐ. എ. എസ്. ഉദ്യോഗസ്ഥന്മാർകൂടി ഫയലുകളിൽ ആ ഭാഷയിൽ കുറിപ്പുകൾ എഴുതിത്തുടങ്ങിയിരിക്കുന്നു. മന്ത്രിസഭായോഗങ്ങളുടെ മിനിററ്സ് എഴുതുന്നതു് കന്നഡത്തിലാണ്. നിയമസഭയിൽ അവതരിപ്പിക്കാനുള്ള ബില്ലുകൾ തയ്യാറാക്കുന്നതും ചോദ്യങ്ങളും ഉത്തരങ്ങളും അച്ചടിക്കുന്നതും കന്നഡയിലാകുന്നു. സർക്കാർ ചടങ്ങുകൾക്ക് ക്ഷണപ്പത്രങ്ങൾ അയയ്ക്കുന്നതും കന്നഡ ഭാഷയിലത്രേ. സ്റ്റെനോഗ്രാഫർമാരും ടൈപ്പിസ്റ്റുകളും ഒരു നിശ്ചിത കാലയളവിനകം കന്നഡയിൽ ടൈപ്പ്റൈററിങ്ങും ഷോർട്ട്ഹാൻഡും പഠിച്ച് പരീക്ഷ പാസ്സാകണമെന്നു വ്യവസ്ഥചെയ്തിരിക്കുന്നു. ഇനിമേൽ കർണാടക പബ്ലിക് സർവീസ് കമ്മീഷൻെറ പരീക്ഷകൾ കന്നഡയിൽ മാത്ര

മേ നടത്തുകയുള്ളൂ. കർണാടക സംസ്ഥാനത്തിലെ എല്ലാ സർക്കാരുദ്യോഗസ്ഥന്മാരും കന്നഡം പഠിച്ചിരിക്കണമെന്നും നിശ്ചയിച്ചിരിക്കുന്നു. ഭരണത്തിന്റെ വിഭിന്നതലങ്ങളിൽ കന്നഡം ഉപയോഗപ്പെടുത്തുന്നതിന്റെ പുരോഗതി നിരീക്ഷിച്ചുകൊണ്ടിരിക്കാനും, നിനച്ചിരിക്കാതെ വന്നുപെടുന്ന തടസ്സങ്ങൾ അപ്പോഴപ്പോൾ നീക്കി ഈ പരിവർത്തനം ത്വരിതപ്പെടുത്താനും വേണ്ടി ഒരു 'കാവൽ കമ്മിററി'യെ സർക്കാർ നിയമിച്ചിട്ടുണ്ട്. ഈ കമ്മിററി സർക്കാരിനു വേണ്ട ഉപദേശം നൽകുന്നു.

ഭരണം പ്രാദേശികഭാഷയിലൂടെയാക്കുന്നതിൽ എൻ. ടി. രാമറാവുവിന്റെ നേതൃത്വത്തിൽ ആന്ധ്രപ്രദേശവും ഹേഗ്ഡേയുടെ നേതൃത്വത്തിൽ കർണാടകപ്രദേശവും കൈവരിച്ചുകൊണ്ടിരിക്കുന്ന പുരോഗതി കേരളസർക്കാരിന്റെ കണ്ണു തുറപ്പിക്കേണ്ടതാണ്. കേരളഭരണം മലയാളഭാഷയിലൂടെയാക്കുന്നതിൽ ആത്മാർത്ഥമായ താല്പര്യം കേരളത്തിൽ ഒരൊററ മുഖ്യമന്ത്രിക്കേ ഉണ്ടായിരുന്നുള്ളൂ—എ. കെ. ആന്റണിക്കു്. ശ്രീ ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്തു്, ഈ രംഗത്തു ഗണ്യമായ പുരോഗതി കൈവരുകയുണ്ടായി. ഭരണത്തിന്റെ വിവിധ തലങ്ങളിൽ മലയാളം നടപ്പിൽവരുത്തുന്നതിന് ക്രമികവും സുചിന്തിതവുമായ ഒരു പരിപാടി അന്നു് ആവിഷ്കരിക്കപ്പെട്ടു. സാധാരണയായി ഉന്നയിക്കപ്പെട്ടുവരുന്ന സാങ്കേതികതടസ്സങ്ങളെല്ലാം ഒഴിവാക്കുന്നതിനു നടപടികൾ അക്കാലത്തു കൈക്കൊള്ളുകയും ചെയ്തു. പിന്നീടുവന്ന മുഖ്യമന്ത്രിമാരുടെ ഭരണത്തിൽ ഈ നടപടികളെല്ലാം നിർജീവങ്ങളായി. ശ്രീ കരുണാകരൻ മുഖ്യമന്ത്രിയായതിനെത്തുടർന്നു് മലയാളം ഭരണഭാഷയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കെല്ലാം പൂർണവിരാമമിടുകയും ചെയ്തു. കേരളത്തിലെ ഔദ്യോഗിക ഭാഷാവകുപ്പ് ഇപ്പോൾ ചത്തുകിടക്കുകയാണ്. ഭരണത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മലയാളം കൂടുതൽ കൂടുതൽ സ്ഥാനഭ്രംശം ഏല്ക്കേണ്ടിവന്നിരിക്കുന്നു. പാവം, ഒരൊററ നമ്പാടൻ മാസ്റ്റർ മാത്രമേയുള്ള മലയാളത്തിന്റെ കാര്യം പറയാൻ എന്ന നില വന്നിരിക്കുന്നു!

ജനങ്ങളുടെ ഭരണം ജനങ്ങളുടെ ഭാഷയിൽക്കൂടെയാകണമെന്നതു ജനാധിപത്യത്തിന്റെ അടിസ്ഥാന നിയമമാണ്. സർക്കാർ തങ്ങളോടു തങ്ങളുടെ ഭാഷയിൽ സംസാരിക്കണമെന്ന് ആവശ്യപ്പെടാൻ ജനങ്ങൾക്കു് അവകാശമുണ്ട്. ഈ അവകാശത്തിന്റെതന്നെ വിപുലനമാണ്, സർക്കാരിന്റെ എല്ലാ നടപടികളും പ്രദേശികഭാഷയിൽക്കൂടെയാകണമെന്നതു്.

നിയമപരമായ മാർഗങ്ങളിലൂടെ തങ്ങളുടെ അവകാശം നേടിയെടുക്കാൻ കഴിഞ്ഞില്ലെങ്കിൽ, നിയമലംഘനത്തിന്റെ പാത തിരഞ്ഞെടുത്തു് സർക്കാരിനെ മാററുകയെന്നതു ജനങ്ങളുടെ കർത്തവ്യമായിത്തീരുമെന്ന പാഠമാണ് മഹാത്മാഗാന്ധി നമ്മെ പഠിപ്പിച്ചതു്. എന്തു ചെയ്യാം, ആ പാഠം മറന്നുപോയിരിക്കുന്നു.

(19 ജൂലൈ, 1983)

## 53. കേരളത്തിൽ മലയാളം

'ഭരണം ജനങ്ങൾക്കു വേണ്ടിയാണ്. അതു ജനങ്ങളുടെ ഭാഷയിൽ ആവണം. ജനങ്ങളുടെ പങ്കാളിത്തം ഭരണത്തിൽ ഉറപ്പു വരുത്താൻ ഇതു കൂടിയേ തീരൂ.' ഏഴാം കേരള നിയമസഭയുടെ എസ്റ്റിമേററ്സ് കമ്മിററി